SUNDAY 08/03/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/03/2026

1. 'കൃഷിസമൃദ്ധി' പദ്ധതി നടപ്പിലാക്കുന്ന 107 പഞ്ചായത്തുകളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ സംഗമം നടത്തുന്നു. 2026 മാർച്ച് 9 ന് രാവിലെ 10.00 മണിക്ക് ആലപ്പുഴ, പഗോഡ റിസോർട്സിൽ വച്ച് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുന്നു.

2. പുഞ്ച കൃഷി ഇറക്കിയ പാടശേഖരങ്ങളിൽ തണ്ടുതുരപ്പൻ, കതിർപ്പേൻ എന്നിവയുടെ സാന്നിധ്യം കാണുന്ന പക്ഷം കൊതുമ്പ് സമയത്ത് സ്പൈനറ്റോറം/സ്പൈനോസാഡ്/ഐസോസൈക്ലോസെറം എന്നിവയിലേതെങ്കിലും അടങ്ങിയ കീടനാശിനികൾ ശുപാർശ ചെയ്ത അളവിൽ പശ കൂടി ചേർത്ത് തളിക്കണം, ഒപ്പം വരമ്പുകളിലെ കളനിയന്ത്രണത്തിൽ ശ്രദ്ധ പുലർത്തുകയും വേണം. കതിർപ്പേൻ ആക്രമണത്തെ പ്രതിരോധിക്കാൻ കൊതുമ്പ് സമയം മുതൽ കതിർമണികളിൽ പാലുറി നിറയുന്നതു വരെ കണ്ടത്തിൽ 5 സെ.മീ പൊക്കത്തിൽ വെള്ളം നിർത്തണം. കൂടുതൽ വിവരങ്ങൾക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംസ്ഥാന കീടനിരീക്ഷണകേന്ദ്രവുമായി 7559908639 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "Participatory Rural Appraisal" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2026 മാർച്ച് 6 ന് ആരംഭിക്കുന്നു. കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. മാർച്ച് 16 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്യുവർക്ക് മാർച്ച് 6 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438566.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദേശം

4. നാട്ടുമരങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ഒരു ഉപദ്രവകാരിയായ കളയാണ് ഇത്തിൾക്കണ്ണികൾ. മാവ്, പ്ലാവ്, സപ്പോട്ട എന്നിങ്ങനെ പല ഫല വൃക്ഷങ്ങളിലും റബ്ബർ, കശുമാവ് തുടങ്ങിയ നാണ്യവിളകളിലും ഇതു ധാരാളമായി കാണപ്പെടുന്നു. ഇവവിളകളുടെ ഉൽപ്പാദനം കുറയ്ക്കുകയും ഗുണനിലവാരത്തെ ബാധിക്കുകയും ചെയ്യുന്നതിനാൽ ഇവയുടെ നിയന്ത്രണം അനിവാര്യമാണ്. ഇത്തിൾക്കണ്ണികൾ ബാധിച്ച കൊമ്പുകൾ, അവ നിൽക്കുന്ന ഭാഗത്തിന്റെ താഴെ വച്ച് വെട്ടിമാറ്റണം. ഇത്തിൾക്കണ്ണിയുടെ വളർച്ചയുടെ ആരംഭത്തിൽ തന്നെ അടിയോടെ അവ പിഴുതുമാറ്റുകയും നശിപ്പിക്കുകയും വേണം. ഇത്തിൾക്കണ്ണിയുടെ നിവാരണത്തിനായി എത്രൽ എന്ന ഹോർമോൺ 25 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. റോക്കർസ്പ്രേയർ എന്ന ഉപകരണമാണ് സാധാരണയായി ഉപയോഗിക്കുന്നത്. ഇലകൾ വീണ്ടും തളിർത്തു വരുന്ന പ്രധാന വേരുകളിൽ 2, 4 – D എന്ന കളനാശിനി 1 ഗ്രാം 20 മി.ല്ലി വെള്ളത്തിൽ എന്ന തോതിൽ പഞ്ഞിയിൽ നനച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെച്ച്കെട്ടുന്നത് വഴി ഇവയുടെ വളർച്ച പൂർണ്ണമായും തടയാം. കൂടാതെ വേനൽക്കാലത്ത് ചെറിയ തോതിലുള്ള ഇത്തിൾക്കണ്ണികളെ ഉപ്പ് തളിരിൽ വെച്ച്കെട്ടി നിയന്ത്രിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം